**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4212** **17- 05-2017-ൽ മറുപടിക്ക്**

**അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ പിണറായി വിജയൻ

(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | അക്ഷയ കേന്ദ്രങ്ങൾ അമിതഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധനകൾ നടത്താറുണ്ട്. പരാതി ലഭിക്കുമ്പോൾ ആദ്യം അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് മുഖേന അന്വേഷണം നടത്തി ബന്ധപ്പെട്ട അക്ഷയ സംരംഭകനിൽ നിന്നും വിശദീകരണം ആവശ്യപ്പെടും. തുടർന്ന് ഹിയറിംഗ് ആവശ്യമെങ്കിൽ പ്രാഥമിക തലത്തിൽ ഹിയറിംഗ് നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മെമ്മോ നൽകുക, താക്കീത് നൽകുക, പിഴ ചുമത്തുക തുടങ്ങി പ്രസ്തുത അക്ഷയ കേന്ദ്രത്തിന്റെ അംഗീകാരം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരാതിയുടെ ഗൗരവമനുസരിച്ച് സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിനും സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഏകീകൃത നിരക്കേർപ്പെടുത്തുന്നതിനും നടപടി സ്വീകരിയ്ക്കുമോ; വിശദീകരിക്കുമോ; | (ബി) | ജില്ലാ തലത്തിൽ അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാ കളക്ടറും സംസ്ഥാന തലത്തിൽ അക്ഷയ ഡയറക്ടറും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാറുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ഈടാക്കേണ്ട സർവ്വീസ് ചാർജ് സംബന്ധിച്ച ചാർട്ട് ഓരോ അക്ഷയ കേന്ദ്രത്തിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അക്ഷയ ജില്ലാ ഓഫീസുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിച്ച് ആയത് ഉറപ്പ് വരുത്തുന്നുമുണ്ട്. ചാർട്ട് പ്രദർശിപ്പിക്കാത്ത സെന്ററുകൾക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകി വരുന്നുണ്ട്. സർവ്വീസ് ചാർജ്ജുകൾ ഏകീകരിച്ചിട്ടുണ്ടെങ്കിലും അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന ചില സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല. അക്ഷയ കേന്ദ്രങ്ങൾ ഇതിന് വ്യത്യസ്ത നിരക്കുകൾ ഈടാക്കി വരുന്നു. ആയത് പരിഹരിച്ച് നിശ്ചിത നിരക്ക് നിർണ്ണയിക്കുന്നതിന് അക്ഷയ ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ